പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 175 **26-10-2026-ൽ മറുപടിയ്ക്ക്**

മിഷൻ സമുദ്ര പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വി. കൃഞ്ഞികൃഷ്ണൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) മിഷൻ സമുദ്ര പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: കേരളത്തെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ലോക സമുദ്ര ഭൂപടത്തിലെ ഒരു പ്രധാന ശക്തിയായി ഉയർത്തുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് മിഷൻ സമുദ്ര. സംസ്ഥാനത്തെ ഏകദേശം 600 കിലോമീറ്ററോളമുള്ള തീരപ്രദേശത്തെയും, മേജർ - നോൺ മേജർ തുറമുഖങ്ങളെയും നദികളെയും സംയോജിപ്പിച്ച് ലോജിസ്റ്റിക്സ്, കോസ്റ്റൽ ടൂറിസം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

സർക്കാർ 2026-27 ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച അഞ്ചു വർഷത്തെ (2026-2031) സംസ്ഥാനത്തിന്റെ സമുദ്ര സാമ്പത്തിക പരിവർത്തന പദ്ധതിയാണ് മിഷൻ സമുദ്ര. പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നു.

- കേരളത്തിന്റെ ഏകദേശം 600 കി.മീ. തീരം, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കൊച്ചി തുറമുഖം, 17 ചെറുകിട തുറമുഖങ്ങൾ, ഉൾനാടൻ ജലപാതകൾ, നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ എന്നീ ആസ്തികളെ ഏകോപിത സമുദ്ര സാമ്പത്തിക ആവാസവ്യവസ്ഥയായി സംയോജിപ്പിക്കുക.
- തുറമുഖങ്ങളെ ചരക്ക് കൈകാര്യ കേന്ദ്രങ്ങൾ എന്നതിനപ്പുറം ലോജിസ്റ്റിക്സ്, വ്യവസായം, വ്യാപാരം, നഗരവികസനം എന്നിവ ഒന്നിച്ചു വളരുന്ന സാമ്പത്തിക കേന്ദ്രങ്ങളാക്കി, കേരളത്തെ "പോർട്ട് സിറ്റി-സ്റ്റേറ്റ്" ആയി വികസിപ്പിക്കുക.
- വിഴിഞ്ഞവും ചെറുകിട തുറമുഖങ്ങളും, റോഡ്-റെയിൽ ഇടനാഴികൾ, ഉൾനാടൻ ജലപാത-തീരദേശ കപ്പൽ ഗതാഗതം, വിമാനത്താവള കണക്റ്റിവിറ്റി, തുറമുഖാധിഷ്ഠിത പുതിയ നഗരങ്ങൾ എന്നീ വികസനങ്ങൾ നടപ്പാക്കുക.
- ലോജിസ്റ്റിക്സ് ചെലവ് കുറയ്ക്കുക. ചരക്കുഗതാഗതം പരമാവധി റോഡിൽ നിന്ന് ജലപാതകളിലേക്ക് മാറ്റുക. 2031-ഓടെ ₹40,000 കോടി നിക്ഷേപവും പ്രത്യക്ഷമായും പരോക്ഷമായും നിരവധി

  തൊഴിലവസരങ്ങളും സൃഷ്ടിക്കുക എന്നിവയും ലക്ഷ്യമിടുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോടൊപ്പം മറ്റ് ചെറുകിട തുറമുഖങ്ങളെയും ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

<u>മറുപടി:</u> വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോടൊപ്പം മറ്റ് ചെറുകിട തുറമുഖങ്ങളെയും ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതി വഴി സംസ്ഥാനത്തിന്റെ തീരദേശ വികസനം, ബ്ലൂ ഇക്കോണമി, വാണിജ്യ ലോജിസ്റ്റിക്സ് മേഖല എന്നിവയിൽ പ്രതീക്ഷിക്കുന്ന പുരോഗതിയും പുതിയ തൊഴിലവസരങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

<u>മറുപടി:</u> സംസ്ഥാനത്തെ തീരദേശ വികസനത്തിന്റെ ഭാഗമായി മൾട്ടി മോഡൽ ലോജിസ്റ്റിക്സ് പാർക്കുകൾ, ഫ്രൈറ്റ് സ്റ്റേഷനുകൾ, കണ്ടെനർ ഫ്രൈറ്റ് സ്റ്റേഷനുകൾ, വെയർഹൗസിംഗ് സൗകര്യങ്ങൾ, കോൾഡ് ചെയിൻ തുടങ്ങിയ ലൊജിസ്റ്റിക്സ് സൗകര്യങ്ങളും, സമുദ്രോത്പന്ന സംസ്കരണത്തിനും കയറ്റുമതിക്കുമുള്ള സൗകര്യങ്ങളും ഒരുക്കും.

സമുദ്രവിഭവങ്ങളുടെ സുസ്ഥിര വിനിയോഗം, മത്സ്യബന്ധന മേഖലയുടെ വികസനം, തീരദേശ ജനങ്ങളുടെ ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ ലക്ഷ്യമിട്ട് ബ്ലൂ ഇക്കോണമി സെൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഫിഷറീസ് വകുപ്പിന് കീഴിൽ സ്വീകരിച്ചു വരുന്നു. മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് തീരദേശ ജനതയുടെ ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനു സഹായകമായ ആഴക്കടൽ മത്സ്യബന്ധനം, സമുദ്ര മത്സ്യ കൂട് കൃഷി, കടൽ പായൽ കൃഷി, മത്സ്യസംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും,

മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണവും, സംയോജിതമായ ശീതീകരണ സംവിധാനം തുടങ്ങിയവ സംബന്ധിച്ച പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതി നായുള്ള നടപടികൾ ആണ് സെൽ മുഖേന ഉദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിൽ ഉൾപ്പെടെ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്.

പ്രസ്തുത പദ്ധതി വഴി ലഭ്യമാകുന്ന പുരോഗതി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം I

1. തുറമുഖങ്ങളും കണക്ടിവിറ്റിയും

- വിഴിഞ്ഞത്ത് CFS, ICD, കോൾഡ് ചെയിൻ സൗകര്യങ്ങളും പൊതു അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുക.
- ബേപ്പൂർ, കൊല്ലം, അഴീക്കൽ, വിഴിഞ്ഞം-കോവളം തുറമുഖങ്ങളെ പി.പി.പി. അടിസ്ഥാനത്തിൽ വികസിപ്പിക്കുക.
- ഔട്ടർ റിംഗ് റോഡിന്റെ ലിങ്ക് റോഡുകൾ, ജംഗ്ഷനുകൾ, അവസാന ഘട്ട കണക്ടിവിറ്റി എന്നിവയുടെ വികസനം.
- ദേശീയ ജലപാത-3 ചരക്കുഗതാഗതത്തിനായി വികസിപ്പിക്കുകയും, ഈ ജലപാതയെ വിഴിഞ്ഞം, കൊച്ചി, ചെറുകിട തുറമുഖങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുകയും ചെയ്യുക.
- വിഴിഞ്ഞവും ചെറുകിട തുറമുഖങ്ങളും തമ്മിലുള്ള തീരദേശ ചരക്ക് കപ്പൽ ഗതാഗതത്തിന് ഇൻസെന്റീവ് നൽകുക.

2. ലോജിസ്റ്റിക്സ് വികസനം

- വിഴിഞ്ഞം മേഖലയിൽ റെയിൽ ബന്ധിത മൾട്ടിമോഡൽ ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കുക.
- സംസ്ഥാനത്തെ ആദ്യ ഫ്രീ ട്രേഡ് വെയർഹൗസിംഗ് സോൺ (FTWZ) സ്ഥാപിക്കുക.
- കോട്ടയം ഐ.സി.ഡി. വിപുലീകരിക്കുക.
- ലോജിസ്റ്റിക്സ് മേഖലയ്ക്ക് ഇൻസെന്റീവുകളും സിംഗിൾ വിൻഡോ സംവിധാനവും ഏർപ്പെടുത്തുക.

3. ക്ലസ്റ്ററുകളും നഗരങ്ങളും

- ആറ് സമുദ്ര ക്ലസ്റ്ററുകൾ സ്ഥാപിക്കും:
    - മറൈൻ എക്സ്പോർട്ട് സോൺ & സീഫുഡ് പാർക്ക്
    - തീരദേശ മത്സ്യകൃഷി-സംസ്കരണ ക്ലസ്റ്റർ
    - കപ്പൽ നിർമാണ-അറ്റകുറ്റപ്പണി ക്ലസ്റ്റർ
    - മാരിടൈം സർവീസസ് ക്ലസ്റ്റർ
    - ബങ്കറിംഗ് & ഹരിത ഇന്ധന ക്ലസ്റ്റർ
    - ഓഫ്ഷോർ & മറൈൻ എഞ്ചിനീയറിംഗ് ക്ലസ്റ്റർ
    - തുറമുഖാധിഷ്ഠിതമായ മൂന്ന് പുതിയ നഗരങ്ങളുടെ ആസൂത്രണം നടത്തും.

4. പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ്

നിക്ഷേപ പ്രോത്സാഹനത്തിനും സ്ഥാപന ശേഷി വികസനത്തിനുമായി പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് രൂപീകരിക്കും.

സെക്ഷൻ ഓഫീസർ

അനുബന്ധം II

- **തീരദേശ വികസനം**: 600 കി.മീ. തീരവും ചെറുകിട തുറമുഖങ്ങളും ഏകോപിത ശൃംഖലയുടെ ഭാഗമാകും. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന വൈവിധ്യവൽക്കരണവും നൈപുണ്യ വികസനവും ഉറപ്പാക്കും. കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങളും ഒരുക്കും.
- **ബ്ലൂ ഇക്കോണമി**: സമുദ്രോൽപ്പന്ന മൂല്യവർധനയുടെ പ്രയോജനം ചെറുകിട തുറമുഖങ്ങളിലേക്കും വ്യാപിക്കും. കപ്പൽ അറ്റകുറ്റപ്പണി, ഹരിത ബങ്കറിംഗ് (LNG, ഗ്രീൻ മെഥനോൾ), ഓഫ്ഷോർ എഞ്ചിനീയറിംഗ് എന്നീ മേഖലകളിലും വളർച്ച പ്രതീക്ഷിക്കുന്നു.
- **വാണിജ്യം:** സമുദ്രോൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കയർ, റബ്ബർ, കശുവണ്ടി എന്നിവയുടെ കയറ്റുമതിക്ക് തുറമുഖത്തിനോട് അനുബന്ധമായി തന്നെ സംസ്കരണ സൗകര്യങ്ങളും കോൾഡ് ചെയിൻ സൗകര്യങ്ങളും ലഭ്യമാകും. ഇത് കയറ്റുമതി വർധിക്കാൻ സഹായിക്കും.
- **ലോജിസ്റ്റിക്സ്:** ചരക്കുനീക്ക ചെലവ് കുറയും. ചരക്ക് സംസ്ഥാനത്തിനുള്ളിൽ തന്നെ നിലനിർത്താൻ കഴിയും. കടൽ, റോഡ്, റെയിൽ, ജലപാത എന്നിവ സംയോജിപ്പിച്ച ഗതാഗത ശൃംഖലയും പ്രാദേശിക ലോജിസ്റ്റിക്സ് കേന്ദ്രങ്ങളും വികസിക്കും.
- **തൊഴിലവസരങ്ങൾ**: 2031- ഓടെ താഴെ പറയുന്ന മേഖലകളിൽ തൊഴിലവസരങ്ങൾ ലക്ഷ്യമിടുന്നു.

തുറമുഖ, ടെർമിനൽ പ്രവർത്തനങ്ങൾ, തീരദേശ കപ്പൽ ഗതാഗതം, ഉൾനാടൻ ജലഗതാഗതം എന്നിവയാണ് തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്ന പ്രധാന മേഖലകൾ. MMLP, FTWZ, ICD, CFS വെയർഹൗസിംഗ്, കോൾഡ് ചെയിൻ തുടങ്ങിയ ലോജിസ്റ്റിക്സ് സംവിധാനങ്ങളിലും അവസരങ്ങളുണ്ടാകും. കപ്പൽ നിർമ്മാണവും അറ്റകുറ്റപ്പണിയും, മറൈൻ എഞ്ചിനീയറിംഗ്, സമുദ്രോൽപ്പന്ന സംസ്കരണവും കയറ്റുമതിയും, ബങ്കറിംഗും ഹരിത ഇന്ധനങ്ങളും എന്നീ മേഖലകളിലും തൊഴിൽ സൃഷ്ടിക്കപ്പെടും. നിയമം, ഇൻഷുറൻസ്, ധനകാര്യം, ഷിപ്പ് മാനേജ്മെന്റ് തുടങ്ങിയ മാരിടൈം സേവനങ്ങൾ, നിർമ്മാണം, ടൂറിസം, പുതിയ തുറമുഖ നഗരങ്ങളിലെ അവസരങ്ങൾ അനുബന്ധ സേവനങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു. ഇതിനാവശ്യമായ നൈപുണ്യ വികസനത്തിനായി സെന്റർ ഫോർ ലോജിസ്റ്റിക്സ് എക്സലൻസ് ആൻഡ് മാരിടൈം ഇന്നൊവേഷൻ ഐ.ടി.ഐ.കളും സ്ഥാപിക്കും. പോളിടെക്നിക്കുകളുമായി സഹകരിച്ചുള്ള പരിശീലനവും വിഭാവനം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ